## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2138** **5/12/2018 ൽ മറുപടിക്ക്**

### വിജിലൻസ് വകുപ്പ് ജനകീയമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിലെ അഴിമതികൾ തടയാൻ ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി 1751 മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സോഴ്സ് റിപ്പോർട്ടുകളും പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ്, റവന്യൂ, ആരോഗ്യം സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ, ട്രാൻസ്പോർട്ട്, ജലവകുപ്പ്, എക്സൈസ് , സെയിൽ ടാക്സ്, പി.ഡബ്ല്യു.ഡി എന്നീ വകുപ്പുകളിൽ സംസ്ഥാനതലത്തിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 988 പ്രാഥമിക അന്വേഷണങ്ങളും 456 സത്വരാന്വേഷണങ്ങളും 185 രഹസ്യാന്വേഷണങ്ങളും 213 വിജിലൻസ് എൻക്വയറികളും ഉത്തരവുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ അന്വേഷണങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും വകുപ്പുതലനടപടികൾ ശിപാർശ ചെയ്യുകയും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ തെളിഞ്ഞിട്ടുള്ളവയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 476 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ജനകീയമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (ബി) | സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.<br>2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം,എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>3. വിജിലൻസിന്റെ കൈവശം ഉള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനായി ഡി -സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.<br>4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിന് COB മെസേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.<br>5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 16.12.2016 - ലെ സ.ഉ(എം.എസ്) |

| | | | |
|---|---|---|---|
| | | | 34/2016/വിജി നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിച്ചു. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.വിജിലൻസ് അന്വേഷണം /കേസുകൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.<br>6. അഴിമതി നിർമ്മാർജ്ജനത്തിനു വേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ബുക്ക് ലെറ്റുകളും പാംലെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് വിഷ്വൽ മീഡിയ വഴിയും എഫ്.എം ചാനൽ വഴിയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി വിവിധ മൽസരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു.<br>7. പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതികൾ നൽകുന്നതിനായി www.publicvig.in എന്ന വെബ് സൈറ്റ് സൗകര്യവും ടോൾഫ്രീ |

| | | | |
|---|---|---|---|
| | | | നമ്പരായ 1084 ഉം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ മറ്റ് അവബോധന പദ്ധതികളും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്. |

Rashmi

**സെക്ഷൻ ഓഫീസർ**